# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 22.06.2024**

### പ്രധാനവാർത്തകൾ

1. ബംഗ്ലാദേശിൽ നിന്നും ചികിത്സയ്ക്കായി ഇന്ത്യയിലെത്തുന്നവർക്ക് ഇ-മെഡിക്കൽ വീസ ആരംഭിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. അർബുദത്തെ അതിജീവിച്ചവർ പ്രതിസന്ധികൾ നേരിടാൻ സമൂഹത്തിന് പ്രചോദനമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് വിഷയത്തിൽ ശാശ്വത പരിഹാരം കാണുമെന്ന് മന്ത്രി വി. അബ്ദു റഹിമാൻ; വിഷയത്തിൽ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കുമെന്ന് പ്രതിപക്ഷം.

4. സംസ്ഥാനത്ത് ശക്തമായ മഴ തുടരും; മലപ്പുറത്ത് ഇന്ന് ചുവപ്പു ജാഗ്രത; ഏഴു ജില്ലകളിൽ ഓറഞ്ച് മുന്നറിയിപ്പ്; മത്സ്യ ബന്ധനത്തിന് വിലക്ക്.

5. ട്വന്റി-20 ലോകകപ്പ് സൂപ്പർ 8 ൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.

************************************

## ഇന്ത്യ - ബംഗ്ലാദേശ്

ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഉഭയകക്ഷി ചർച്ച നടത്തി. ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ നടന്ന ചർച്ചയ്ക്ക് ശേഷം വിവിധ മേഖലകളിലെ സഹകരണം വർധിപ്പിക്കുന്നതിനുള്ള ധാരണാപത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു. ആരോഗ്യം, ബഹിരാകാശം, റെയിൽവേ, ദുരന്തനിവാരണം, സമുദ്ര സമ്പദ് വ്യവസ്ഥ, ഫിഷറീസ് തുടങ്ങിയ മേഖലകളിലെ സഹകരണം ലക്ഷ്യം വച്ചുള്ള ധാരണാപത്രങ്ങളാണിവ. ചികിത്സയ്ക്കായി ഇന്ത്യയിലെത്തുന്ന ബംഗ്ലാദേശിലെ ജനങ്ങൾക്ക് ഇ-മെഡിക്കൽ വീസ ആരംഭിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. പൊതുക്ഷേമത്തിനായി സുപ്രധാന പദ്ധതികൾ പൂർത്തിയാക്കാൻ ഇരു രാജ്യങ്ങളും യോജിച്ച് പ്രവർത്തിച്ചതായി അദ്ദേഹം അറിയിച്ചു. ബംഗ്ലാദേശിൻറെ എക്കാലത്തെയും വിശ്വസ്ത പങ്കാളിയാണ് ഇന്ത്യയെന്ന് ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന പറഞ്ഞു.

RNI TVPM

***************************************

## ഉന്നതതല സമിതി - വിദ്യാഭ്യാസ മന്ത്രാലയം

രാജ്യത്ത് പരീക്ഷകളുടെ സുതാര്യവും സുഗമവുമായ നടത്തിപ്പ് ഉറപ്പാക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് വിദ്യാഭ്യാസ മന്ത്രാലയം. പരീക്ഷാ പ്രക്രിയയുടെ പരിഷ്കരണം, വിവര സുരക്ഷാ മാനദണ്ഡങ്ങൾ മെച്ചപ്പെടുത്തൽ, ദേശീയ പരീക്ഷാ ഏജൻസിയുടെ പ്രവർത്തനം എന്നിവ സംബന്ധിച്ച് സമിതി ശുപാർശ നൽകും. വിഷയത്തിൽ രണ്ടു മാസത്തിനകം മന്ത്രാലയത്തിന് റിപ്പോർട്ട് നൽകാനാണ് നിർദ്ദേശം.

ഐ.എസ്.ആർ.ഒ മുൻ ചെയർമാൻ കെ.രാധാകൃഷ്ണൻ സമിതിയ്ക്ക് നേതൃത്വം നൽകും.

************************************

**ലോക്സഭ സമ്മേളനം**

18-ാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിന് തിങ്കളാഴ്ച തുടക്കമാകും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട എംപിമാർ സത്യപ്രതിജ്ഞ ചെയ്യും. ലോക്സഭാ സ്പീക്കർ തിരഞ്ഞെടുപ്പ് 26ന് നടക്കും. 27ന് രാഷ്ട്രപതി ദ്രൗപദി മുർമു ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെഅഭിസംബോധന ചെയ്യും.

************************************

**മുഖ്യമന്ത്രി**

അർബുദത്തെ അതിജീവിച്ചവർ പ്രതിസന്ധികളെ നേരിടാൻ സമൂഹത്തിന് പ്രചോദനമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ തലശ്ശേരിയിൽ നടന്ന അമൃതം പരിപാടി ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അർബുദത്തെ അതിജീവിച്ചവർക്ക് അവരുടെ അനുഭവങ്ങളും സന്തോഷവും പങ്കുവെക്കുവാനുള്ള വേദിയായ അമൃതം സംഗമം അർബുദ ചികിത്സ തേടുന്നവർക്ക് ആത്മവിശ്വാസം പകരുന്നതാണ് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ അർബുദ ചികിത്സയിലും ഗവേഷണത്തിലും നയരൂപീകരണത്തിലും നേതൃത്വപരമായ പങ്കു വഹിക്കാൻ മലബാർ കാൻസർ സെന്ററിന് കഴിഞ്ഞതായി മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

************************************

PRIUTVPM

## സപ്ലൈകോ - ജി.ആർ. അനിൽ

സംസ്ഥാനത്ത് നെല്ല് സംഭരണത്തിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനം കൊണ്ടുവരുമെന്ന് മന്ത്രി ജി.ആർ. അനിൽ. സബ്സിഡി ഉൾപ്പെടെയുള്ളവയിൽ ബയോമെട്രിക്ക് സംവിധാനം ആലോചനയിലുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. 10 ഓളം മെഡിക്കൽ സ്റ്റോറുകൾ 'സപ്ലൈകോ മെഡി മാർട്ട്' എന്ന പേരിൽ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

(വോയിസ്)

സപ്ലൈകോയുടെ 50-ാം വാർഷികാഘോഷ പരിപാടികൾ ഈ മാസം 25-ാം തീയതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി ജി ആർ അനിൽ അറിയിച്ചു. സപ്ലൈകോ ആസ്ഥാനത്തും സപ്ലൈക്കോയുമായി ബന്ധപ്പെട്ട് സർക്കാരിലും കെട്ടിക്കിടക്കുന്ന ഫയലുകൾക്ക് അദാലത്തു നടത്തി പരിഹാരം കാണുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

**************************************

## പ്ലസ് വൺ സീറ്റ് - വി. അബ്ദു റഹിമാൻ

മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് വിഷയത്തിൽ ശാശ്വതമായ പരിഹാരം കാണുമെന്ന് മന്ത്രി വി. അബ്ദു റഹിമാൻ. മലപ്പുറം, കോഴിക്കോട്, കണ്ണൂർ കാസർഗോഡ്, പാലക്കാട് ജില്ലകളിൽ നിന്നുമുള്ള മുഴുവൻ വിദ്യാർഥികൾക്കും അതത് പ്രദേശങ്ങളിൽ തന്നെ തുടർ പഠനത്തിന് പരമാവധി സൗകര്യമൊരുക്കുമെന്നും മന്ത്രി പറഞ്ഞു. പ്ലസ് വൺ അലോട്ട്മെന്റിന്റെ മൂന്നു ഘട്ടങ്ങൾ പൂർത്തിയായിട്ടും പലർക്കും സീറ്റ് ലഭിച്ചിട്ടില്ലെന്ന വിഷയം

മുഖ്യമന്ത്രിയുടേയും വിദ്യാഭ്യാസ മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

***********************************

**പ്രതിപക്ഷ നേതാവ് - പ്ലസ് വൺ സീറ്റ്**

മലബാറിലെ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച പ്രശ്നത്തിൽ മാർജിനൽ ഇൻക്രീസ് നൽകുന്നതിന് പകരം സംസ്ഥാന സർക്കാർ ബാച്ചുകളുടെ എണ്ണം കൂട്ടണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. പറവൂരിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 30 ശതമാനം മാർജിനൽ ഇൻക്രീസ് നൽകുമ്പോൾ ഒരു ക്ലാസ്സിലെ കുട്ടികളുടെ എണ്ണം 75 ആയി ഉയരുമെന്നും ഇത് ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ നിലവാരത്തെ ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. വിഷയത്തിൽ ശക്തമായ പ്രതിഷേധമുണ്ടാകുമെന്നും പ്രതിപക്ഷ നേതാവ് അറിയിച്ചു.

RNU TVPM

***********************************

**പ്ലസ് വൺ - കോഴിക്കോട് - പ്രതിഷേധം**

മുഖ്യമന്ത്രിയുടെ വാഹന വ്യൂഹത്തിന് നേരെ കോഴിക്കോട് UDSF പ്രവർത്തകർ കരിങ്കൊടി കാട്ടി. പ്ലസ് വൺ സീറ്റ് വിഷയത്തിലായിരുന്നു പ്രതിഷേധം. എൻജി.ഒ യൂണിയൻ പൊതുസമ്മേളനത്തിൽ പങ്കെടുക്കാനെത്തിയതായിരുന്നു മുഖ്യമന്ത്രി.

***********************************

**പ്രത്യേക ചർച്ച**

രാജ്യത്ത് പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വരികയാണ്. ഇതേക്കുറിച്ച്

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം തയാറാക്കിയ പ്രത്യേക ചർച്ച നാളെ രാത്രി 8:15ന് പ്രക്ഷേപണം ചെയ്യും.

************************************

### തമിഴ്നാട് കള്ളക്കുറിച്ചി വിഷ മദ്യ ദുരന്തം

തമിഴ്നാട് കള്ളക്കുറിച്ചി വിഷ മദ്യ ദുരന്തത്തിൽ മരണം 54 ആയി. അനധികൃത മദ്യ നിർമാണത്തിലും വിപണനത്തിലും ഉൾപ്പെട്ടവർക്കെതിരെ അടിയന്തര നടപടി സ്വീകരിക്കാൻ ജില്ലാ ഭരണകൂടങ്ങൾക്ക് തമിഴ്നാട് സർക്കാർ നിർദേശം നൽകി. വിഷയത്തിൽ അടിയന്തര ചർച്ച ആവശ്യപ്പെട്ട് AIADMK അംഗങ്ങൾ ഇന്ന് നിയമസഭയിൽ പ്രതിഷേധിച്ചു. എന്നാൽ രാഷ്ട്രീയ നേട്ടമുണ്ടാക്കാനാണ് പ്രതിപക്ഷത്തിൻ്റെ ശ്രമമെന്ന് സ്പീക്കർ എം.അപ്പാവു ആരോപിച്ചു. സർക്കാരിനെതിരെ വിവിധയിടങ്ങളിൽ ബിജെപിയുടെ നേതൃത്വത്തിലും പ്രതിഷേധം നടത്തി.

RNU TVPM

************************************

### എം ബി രാജേഷ്

കള്ളക്കുറിച്ചി വിഷമദ്യ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് എക്സൈസ് വകുപ്പിൻറെ നിരീക്ഷണവും പരിശോധനയും ശക്തമാക്കാൻ മന്ത്രി എം ബി രാജേഷ് നിർദേശിച്ചു. അതിർത്തി പ്രദേശങ്ങളിൽ പൊലീസ്, വനം, മോട്ടോർ വാഹനവകുപ്പ് തുടങ്ങിയവയുമായി ചേർന്ന് പരിശോധനകൾ ശക്തമാക്കും. ഇതിൽ പൊതുജനങ്ങളുടെ സഹകരണം വേണം എന്നും മന്ത്രി അഭ്യർഥിച്ചു.

************************************

കാലാവസ്ഥ

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. മലപ്പുറം ജില്ലയിൽ ഇന്ന് ചുവപ്പു ജാഗ്രത നൽകി. ഏഴു ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യത ഉള്ളതിനാൽ ചൊവ്വാഴ്ച വരെ കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*************************************

വർക്കല - തിരയിൽപ്പെട്ട് മരിച്ചു

വർക്കല തിരുവമ്പാടി ബീച്ചിന് സമീപം തിരയിൽപ്പെട്ട് തമിഴ്നാട് സ്വദേശി മരിച്ചു. മധുര സ്വദേശി രഘുവാണ് മരിച്ചത്. ലൈഫ് ഗാർഡിന്റെ നിർദേശം അവഗണിച്ച് കടലിൽ കുളിക്കാനിറങ്ങിയപ്പോഴാണ് തിരയിൽപ്പെട്ടത്.

RNU TVPM

*************************************

ട്വന്റി-20

ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ സൂപ്പർ 8 ൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. രാത്രി എട്ട് മണിക്കാണ് മത്സരം. രാവിലെ നടന്ന മത്സരത്തിൽ അമേരിക്കക്കെതിരെ വെസ്റ്റ് ഇൻഡീസ് 9 വിക്കറ്റിന് വിജയിച്ചു.

*******************************************************

*************************************

**********************